നമ്പർ. സി2/25581/റ്റി.സി/2010

ട്രാൻസ് പോർട്ട് കമ്മീഷണറേറ്റ്,കേരളം
ട്രാൻസ് ടവേഴ്സ്, തിരുവനന്തപുരം
തീയതി: 20.12.2010

## ചുറ്റെഴുത്ത് നമ്പർ 15/2010

വിഷയം: മോട്ടോർ വാഹന വകുപ്പ് - ടിപ്പർ ലോറികൾ ഉൾപ്പെടുന്ന വാഹനാപകടങ്ങൾ തടയുന്നത് - സംബന്ധിച്ച നിർദ്ദേശങ്ങൾ

അടുത്ത കാലത്തായി ടിപ്പർ ലോറികൾ ഉൾപ്പെടുന്ന വാഹനാപകടങ്ങൾ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. ഏതെല്ലാം സമയനിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടും ഇവയുടെ അപകടപ്രവണത പൂർണ്ണമായും നിയന്ത്രിക്കാനായിട്ടില്ല. അപക്വമായ ഡ്രൈവർമാരും, കൂടുതൽ ട്രിപ്പുകൾ ഓടിച്ച് പരമാവധി പണമുണ്ടാക്കാൻ ശ്രമിക്കുന്ന ടിപ്പർ ഉടമകളും ഇവയുടെ അപകടനിരക്കിന്റെ വർദ്ധനവിന് കാരണക്കാരാണ്. അപകടങ്ങളുണ്ടാകുന്നുവെന്നത് മാത്രമല്ല ഗതാഗതനിയമങ്ങൾ അനുസരിക്കാതെ വാഹനമോടിക്കുന്നതിലും ഇവർ മുൻപന്തിയിലാണ്.

ഈ പ്രവണതകൾ കർശനമായി തടയുന്നതിനും അപകടനിരക്കും നിയമലംഘനവും പരമാവധി കുറയ്ക്കുന്നതിനും ചുവടെപ്പറയുന്ന നിർദ്ദേശങ്ങൾ കർശനമായി നടപ്പാക്കേണ്ടതാണ്.

1. എല്ലാ ടിപ്പർ ലോറികളും പരിശോധിക്കുകയും അവയിലെ സ്പീഡ് ഗവർണറുകൾ പ്രവർത്തനക്ഷമമാണെന്ന് ഉറപ്പുവരുത്തുകയും ചെയ്യുക. സ്പീഡ് ഗവർണറുകൾ ഇല്ലാത്തതോ പ്രവർത്തനക്ഷമമല്ലാത്തതോ ആയ ടിപ്പറുകളെ ഓടാൻ അനുവദിക്കരുത്.

2. ടിപ്പർ ലോറി ഉടമസ്ഥരിൽ നിന്നും അവ ഓടിക്കുന്ന ഡ്രൈവർമാരുടെ മുഴുവൻ വിവരങ്ങളും ശേഖരിക്കുകയും ഇവർക്കായി പരിശീലനം ഏർപ്പാടാക്കുകയും ചെയ്യുക. ഇതിന് വേണ്ടിവരുന്ന പണം റോഡ് സുരക്ഷാ അതോറിറ്റിയിൽ നിന്നും ആവശ്യപ്പെടാവുന്നതാണ്. എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്/ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് തലത്തിലും പരമാവധി ടിപ്പർ ഡ്രൈവർമാരെ പരിശീലിപ്പിക്കാനായി നടപടികളെടുക്കുക.

3. പരിശീലനം ലഭിച്ച ഡ്രൈവർമാരെ മാത്രം ടിപ്പർ ഓടിക്കുന്നതിന് നിയോഗിക്കാൻ ടിപ്പർ ഉടമസ്ഥർക്ക് നിർദ്ദേശം നൽകുക. ഇത് അനുസരിക്കാൻ തയ്യാറാകാത്ത ഉടമസ്ഥരെ പിന്നീട് അപകടമുണ്ടായാൽ പ്രതിസ്ഥാനത്ത് ചേർക്കുന്നതിനായി പോലീസിനെ അറിയിക്കുക.

4. ടിപ്പറുകൾ ഒരു കാരണവശാലും അമിതവേഗതയിൽ ഓടി കൂടുതൽ ട്രിപ്പുകൾ എടുക്കുന്നില്ലായെന്ന് ഉറപ്പ് വരുത്തുന്നതിന് ഒരു ദിവസം പരമാവധി ഓടാവുന്ന ട്രിപ്പുകളുടെ എണ്ണം അല്ലെങ്കിൽ പരമാവധി ദൂരം എന്നിവ കേരള മോട്ടോർ വാഹന നിയം 157 പ്രകാരം നിജപ്പെടുത്തിക്കൊടുക്കാവുന്നതാണ്.

5. എല്ലാ നിയമലംഘനങ്ങളിലും മോട്ടോർ വാഹന നിയമം വകുപ്പ് 19, കേന്ദ്ര മോട്ടോർ വാഹന നിയമം 21 പ്രകാരം ലൈസൻസ് സസ്പെൻഡ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

മുകളിൽപ്പറഞ്ഞ നടപടികൾ അടിയന്തിരമായി നടപ്പാക്കേണ്ടവയാണ്. ഒരു മാസത്തിനുള്ളിൽ ഇത്തരം എല്ലാ നടപടികളും പൂർത്തിയാക്കാൻ നടപടികൾ എടുക്കേണ്ടതാണ്. ഇതിൽ എടുക്കുന്ന നടപടികളുടെ റിപ്പോർട്ട് 01.02.2011 ഓടെ ട്രാൻസ്പോർട്ട് കമ്മീഷണർക്ക് അയച്ചു തരേണ്ടതാണ്.

ഒപ്പ്
ട്രാൻസ്പോർട്ട് കമ്മീഷണർ

എല്ലാ ഡി.റ്റി.സി മാർക്കും, ആർ.ടി.ഓ മാർക്കും, ജോയിന്റ് ആർ.ടി.ഓ മാർക്കും,
മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർമാർക്കും, ചെക്ക് പോസ്റ്റ് എന്നിവർക്കും

പകർപ്പ്:-
എല്ലാ ഓഫീസർമാരുടെയും സി.എ മാർക്കും, മറ്റ് ഓഫീസർമാർക്കും

അംഗീകാരത്തോടെ

സീനിയർ ഡി.റ്റി.സി (ടാക്സേഷൻ) 29/12/10.

കെ എസ്
30-12-10